**CSB Bank**
*Trusted Heritage Smart Future*

PLEASE SCAN THE **QR CODE** TO VIEW THE NOTICE

# തപാൽ ബാലറ്റ്, വിദൂര ഇ-വോട്ടിംഗ് നോട്ടീസ്

കമ്പനീസ് ആക്ട് 2013 ലെ 108 ഉം 110 ഉം വകുപ്പുകൾ, ആക്ടിലെ മറ്റ് ബാധകമായ വകുപ്പുകൾ, കമ്പനീസ് (മാനേജ്മെന്റ് & അഡ്മിനിസ്ട്രേഷൻ) റൂൾസ്, 2014 ലെ 20 ഉം 22 ഉം ചട്ടങ്ങൾ ആയതിന് ഇനി വരുത്തുന്ന ഭേദഗതികൾ, പൊതുയോഗങ്ങളെ സംബന്ധിച്ച സെക്രട്ടേറിയൽ സ്റ്റാൻഡേർഡ് **2 (SS-2)**, 2020 ഏപ്രിൽ 8 ലെ ജനറൽ സർക്കുലർ നമ്പ്ര് 14/2020, 2020 ഏപ്രിൽ 13 ലെ ജനറൽ സർക്കുലർ നമ്പ്ര് 17/2020, മെയ് 5, 2020 ലെ ജനറൽ സർക്കുലർ നമ്പ്ര് 20/2020, ആയതുസംബന്ധിച്ച് മറ്റു സർക്കുലറുകൾ, അവയിൽ ഏറ്റവും പുതിയത് 2025 സെപ്റ്റംബർ 22-ാം തിയ്യതിയിലെ ജനറൽ സർക്കുലർ നമ്പ്ര് 03/2025, തുടങ്ങിയ കമ്പനികാര്യ മന്ത്രാലയം **(MCA)** പുറപ്പെടുവിച്ചിട്ടുള്ള സർക്കുലറുകൾ **(MCA Circulars)**, സെക്യൂരിറ്റീസ് ആന്റ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യ (ലിസ്റ്റിംഗ് ഒബ്ലിഗേഷൻസ് ആന്റ് ഡിസ്ക്ലോഷർ റിക്വയർമെന്റ്സ്) റെഗുലേഷൻസ്, 2015 **(SEBI Listing Regulations)** 44-ാം റെഗുലേഷൻ, മറ്റു പ്രസക്തമായ ആക്ടുകൾ, റൂളുകൾ, റെഗുലേഷനുകൾ, സർക്കുലറുകൾ, നോട്ടിഫിക്കേഷനുകൾ, മറ്റു നിയമ ഭേദഗതികൾ, വിശദീകരണങ്ങൾ, മാറ്റലുകൾ, പുനർ പ്രാബല്യപ്പെടുത്തലുകൾ തുടങ്ങി നിലവിലുള്ള ഇതു സംബന്ധമായ നിയമങ്ങൾ പാലിച്ചും ആയത് പ്രകാരം 2025 ഡിസംബർ 12-ാം തീയ്യതിയിലെ തപാൽ ബാലറ്റ് നോട്ടീസിൽ പറഞ്ഞിട്ടുള്ള പ്രമേയങ്ങൾ സിഎസ്ബി ബാങ്കിന്റെ അംഗങ്ങളുടെ സാധാരണ/പ്രത്യേക പ്രമേയങ്ങൾ ഇലക്ട്രോണിക് സംവിധാനത്തിലുള്ള പോസ്റ്റൽ ബാലറ്റ് വഴി മാത്രം അംഗീകരിക്കുവാൻ ഉദ്ദേശിക്കുന്നതായി ഈ നോട്ടീസ് മുഖാന്തരം മാന്യ അംഗങ്ങളെ ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

മേൽപറഞ്ഞ ആക്ട്, റൂൾസ്, എസ് എസ്-2, **MCA** സർക്കുലറുകൾ, **SEBI** ലിസ്റ്റിംഗ് റെഗുലേഷൻസ് എന്നിവ പാലിച്ചുകൊണ്ട് 2025 ഡിസംബർ 12-ാം തീയ്യതിയിലെ പോസ്റ്റൽ ബാലറ്റ് നോട്ടീസിന്റെയും ആയതിൽ പറഞ്ഞിട്ടുള്ള പ്രമേയങ്ങളെ സംബന്ധിച്ച വിശദവിവരങ്ങളും പ്രധാന വസ്തുതകളും ഉൾക്കൊള്ളിച്ചിട്ടുള്ള വിശദീകരണ പ്രസ്താവനകളും സഹിതം ഇലക്ട്രോണിക് പകർപ്പുകൾ കട്ട് ഓഫ് തീയ്യതിയായ ഡിസംബർ 12, 2025 ബിസിനസ്സ് സമയം അവസാനിക്കുന്ന സമയത്ത് ബാങ്ക്/ ബാങ്കിന്റെ രജിസ്ട്രാർ ടു ആൻ ഇഷ്യൂ ആൻഡ് ഷെയർ ട്രാൻസ്ഫർ ഏജന്റ് **(RTA)** ആയ **MUFG Intime India Pvt.Ltd.** സൂക്ഷിച്ചു വരുന്ന ബാങ്കിന്റെ രജിസ്റ്റർ ഓഫ് മെമ്പേഴ്സ്/ ലിസ്റ്റ് ഓഫ് ബെനഫിഷ്യൽ ഓണേഴ്സ് എന്നിവയിൽ പേരുള്ളതും കട്ട് ഓഫ് തീയ്യതിയിൽ ബാങ്കിലോ **RTA** പക്കലോ ഡെപ്പോസിറ്ററി പാർട്ടിസിപ്പന്റ് പക്കലോ ഇമെയിൽ വിലാസം രജിസ്റ്റർ ചെയ്തിട്ടുള്ള അംഗങ്ങൾക്ക് 2025 ഡിസംബർ 22-ാം തീയ്യതി അയച്ചിട്ടുള്ളതാണ്.

മേപ്പടി പോസ്റ്റൽ ബാലറ്റ് നോട്ടീസിന്റെ പകർപ്പ് ബാങ്കിന്റെ വെബ്സൈറ്റായ **www.csb.bank.in**, സ്റ്റോക്ക് എക്സ്ചേഞ്ചുകളായ **BSE Limited, National Stock Exchange of India Limited** എന്നിവയുടെ വെബ്സൈറ്റുകളായ **www.bseindia.com, www.nseindia.com**, വോട്ടിംഗ് സേവന ദാതാവായ **Central Depository Services (India) Limited (CDSL)** ന്റെ ഇ- വോട്ടിംഗ് വെബ്സൈറ്റായ **www.cdslindia.com** എന്നിവയിലും ലഭ്യമാണ്.

| **വിദൂര ഇ-വോട്ടിംഗ് വിശദവിവരങ്ങൾ** | |
|---|---|
| വിദൂര ഇ-വോട്ടിംഗ് ആരംഭിക്കുന്ന തീയതിയും സമയവും | 2025 ഡിസംബർ 23-ാം തീയ്യതി, ചൊവ്വ ഇന്ത്യൻ സമയം രാവിലെ 9 മണി |
| വിദൂര ഇ-വോട്ടിംഗ് അവസാനിക്കുന്ന തീയതിയും സമയവും | 2026 ജനുവരി 21-ാം തീയ്യതി, ബുധൻ ഇന്ത്യൻ സമയം വൈകിട്ട് 5 മണി |
| മേൽപ്പറഞ്ഞ സമയത്തിനുശേഷം CDSL വിദൂര ഇ-വോട്ടിംഗ് സംവിധാനം നിർത്തുന്നതും ആയതിനുശേഷം അംഗങ്ങളെ വോട്ട് ചെയ്യാൻ അനുവദിക്കുന്നതുമല്ല. | |

കട്ട് ഓഫ് തീയ്യതിയായ 2025 ഡിസംബർ 12 ലെ ബിസിനസ്സ് സമയം അവസാനിക്കുന്ന സമയത്തെ സാധാരണ ഓഹരികളുടെ അടച്ചു തീർത്ത മൂല്യത്തിനെ അടിസ്ഥാനപ്പെടുത്തിയാണ് വോട്ടവകാശം കണക്കാക്കുന്നത്. കട്ട് ഓഫ് തീയ്യതിയിലെ ബാങ്കിന്റെ രജിസ്റ്റർ ഓഫ് മെമ്പേഴ്സ്/ ലിസ്റ്റ് ഓഫ് ബെനഫിഷ്യൽ ഓണേഴ്സിൽ പേരുള്ള അംഗങ്ങൾ മാത്രം വിദൂര ഇ-വോട്ടിംഗിനും ആയതു പ്രകാരം വോട്ട് ചെയ്യാനും മേപ്പടി പ്രമേയങ്ങൾക്ക് വിദൂര ഇ-വോട്ടിംഗ് പ്രക്രിയ പ്രകാരം സമ്മതവും വിസമ്മതവും അറിയിക്കുവാനും അർഹതയുള്ളവർ ആയി കണക്കാക്കപ്പെടുന്നതാണ്. കട്ട് ഓഫ് തീയ്യതിയിൽ ബാങ്കിന്റെ അംഗങ്ങൾ അല്ലാത്തവർ മേപ്പടി നോട്ടീസിനെ വിവരമറിയിക്കൽ നോട്ടീസ് മാത്രമായി കണക്കാക്കേണ്ടതാണ്. പോസ്റ്റൽ ബാലറ്റ് ഇ-വോട്ടിംഗിൽ അംഗങ്ങൾക്ക് പ്രതിനിധി മുഖാന്തിരം വോട്ട് രേഖപ്പെടുത്തുവാൻ സാധിക്കുന്നതല്ല.

അംഗങ്ങൾ താഴെ പറയുന്ന കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കുവാൻ താല്പര്യപ്പെടുന്നു.

മേപ്പടി **MCA** സർക്കുലറുകൾ പ്രകാരം മേപ്പടി നോട്ടീസിന്റേയും പോസ്റ്റൽ ബാലറ്റ് ഫോമിന്റേയും പേപ്പർ കോപ്പികൾ അംഗങ്ങൾക്ക് അയക്കുന്നത് ഒഴിവാക്കിയിട്ടുള്ളതിനാൽ, പേപ്പർ കോപ്പികളായി ലഭിക്കുന്ന മറുപടികൾ ബാങ്ക് സ്വീകരിക്കുന്നതല്ല.

അംഗങ്ങൾ ചെയ്ത വോട്ട് അർഹതയുള്ളതായി പരിഗണിക്കുവാനായി മേപ്പടി പോസ്റ്റൽ ബാലറ്റ് നോട്ടീസിലെ നിർദ്ദേശങ്ങൾ സൂക്ഷ്മമായി വായിച്ച് മനസ്സിലാക്കി 2026 ജനുവരി 21-ാം തീയ്യതി വൈകീട്ട് 5.00 മണിക്ക് മുൻപായി അവരുടെ സമ്മതവും **(അനുകൂലം)** വിസമ്മതവും **(എതിർപ്പ്)** രേഖപ്പെടുത്തേണ്ടതും അല്ലാത്തപക്ഷം വോട്ട് ചെയ്യാത്തതുമായി കണക്കാക്കുന്നതാണ്.

ഇമെയിൽ വിലാസം ഇതുവരെയായും രജിസ്റ്റർ ചെയ്തിട്ടില്ലാത്ത അംഗങ്ങൾ ഓഹരികൾ ഇലക്ട്രോണിക് രൂപത്തിലാണ് കൈവശം വെയ്ക്കുന്നതെങ്കിൽ ഡെപ്പോസിറ്ററി പാർട്ടിസിപ്പന്റ് **(DP)** പക്കലോ പേപ്പർ രൂപത്തിലാണ് കൈവശം വെയ്ക്കുന്നതെങ്കിൽ ബാങ്ക്/**RTA** പക്കലോ രജിസ്റ്റർ ചെയ്യേണ്ടതാണെന്ന് അഭ്യർത്ഥിക്കുന്നു.

മേപ്പടി വിദൂര ഇ-വോട്ടിംഗ് പ്രക്രിയ ന്യായമായും സുതാര്യമായും നടത്തുന്നതിനായി കമ്പനി സെക്രട്ടറിയും **SVJS Asosciates**, കമ്പനി സെക്രട്ടറീസിലെ മാനേജിംഗ് പാർട്ണറും ആയ ശ്രീ. പി.ഡി വിൻസന്റ് അവർകളെ ബാങ്കിന്റെ ബോർഡ് ഓഫ് ഡയറക്ടേഴ്സ് സൂക്ഷ്മ പരിശോധകനായി നിയമിച്ചിട്ടുണ്ട്. മേൽപ്രകാരം വിദൂര ഇ-വോട്ടിംഗ് പ്രക്രിയയിലൂടെ നടത്തുന്ന പോസ്റ്റൽ ബാലറ്റ് വോട്ടിംഗിന്റെ ഫലം 2026 ജനുവരി 23-ാം തീയ്യതിക്കോ അതിനു മുൻപോ ആയി ചെയർമാൻ/ മാനേജിങ് ഡയറക്ടർ & സിഇഒ അല്ലെങ്കിൽ കമ്പനി സെക്രട്ടറി അറിയിക്കുന്നതാണ്. മേപ്പടി ഇ-വോട്ടിംഗ് ഫലം സൂക്ഷ്മപരിശോധകന്റെ റിപ്പോർട്ട് സഹിതം ബാങ്കിന്റെ വെബ്സൈറ്റായ **www.csb.bank.in/investor-relations, CDSL**ന്റെ ഇ-വോട്ടിംഗ് വെബ്സൈറ്റായ **www.cdslindia.com** എന്നിവയിൽ പ്രസിദ്ധീകരിക്കുന്നതും പ്രദർശിപ്പിക്കുന്നതും, ആയത് കൂടാതെ ബാങ്കിന്റെ ഓഹരികൾ ലിസ്റ്റ് ചെയ്തിട്ടുള്ള സ്റ്റോക്ക് എക്സ്ചേഞ്ചുകളായ **BSE Limited (BSE), National Stock Exchange of India Limited (NSE)** എന്നിവരെ അറിയിക്കുന്നതും അവരുടെ വെബ്സൈറ്റുകളായ **www.bseindia.com, www.nseindia.com** എന്നിവയിൽ ലഭ്യമാക്കുന്നതുമാണ്. ആയതുകൂടാതെ മേപ്പടി ഇ-വോട്ടിംഗ് ഫലം സൂക്ഷ്മപരിശോധകന്റെ റിപ്പോർട്ട് സഹിതം ബാങ്കിന്റെ തൃശ്ശൂരിലെ രജിസ്റ്റേർഡ് ഓഫീസിലും പ്രദർശിപ്പിക്കുന്നതാണ്.

ഇ-വോട്ടിംഗ് സംബന്ധിച്ച് അംഗങ്ങൾക്ക് എന്തെങ്കിലും സംശയങ്ങൾ/ചോദ്യങ്ങൾ ഉള്ള പക്ഷം ശ്രീ. രാകേഷ് ഡാൽവി, സീനിയർ മാനേജർ **Central Depository Services (India) Limited (CDSL)** അവർകളെ **A Wing, 25th floor, Marathon Futurex, Mafatlal Mill Compounds, N.M Joshi Marg, Lower Parel (East) Mumbai-400013** എന്ന വിലാസത്തിൽ ബന്ധപ്പെടുകയോ **helpdesk.evoting@cdslindia.com** എന്ന ഇ-മെയിൽ വിലാസത്തിൽ അപേക്ഷ അയക്കുകയോ ടോൾ ഫ്രീ നമ്പറായ 1800 21 09911 എന്നിവയിൽ വിളിക്കുകയോ ചെയ്യാവുന്നതാണ്.

പോസ്റ്റൽ ബാലറ്റ് നോട്ടീസിൽ പ്രസ്താവിച്ചിട്ടുള്ള നിർദ്ദേശങ്ങളും വിദൂര ഇ-വോട്ടിംഗ് സംവിധാനത്തിൽ വോട്ട് ചെയ്യുന്ന രീതിയും സൂക്ഷ്മമായി വായിച്ചു മനസ്സിലാക്കുവാൻ അംഗങ്ങളോട് അഭ്യർത്ഥിക്കുന്നു.

**ബോർഡിന്റെ ഉത്തരവുപ്രകാരം**
**CSB Bank Limited നു വേണ്ടി**
**(ഒപ്പ്)**
**സിജോ വർഗീസ്**
**കമ്പനി സെക്രട്ടറി**

**തൃശൂർ | ഡിസംബർ 22, 2025**


## CSB BANK LIMITED

Regd. Office: “CSB Bhavan” St. Mary's College Road, Post Box No.502, Thrissur - 680 020, Kerala, India
Tel:+91 0487 2333020 | Fax: 0487 2338764 | Website: www.csb.bank.in | E-mail: secretarial@csb.bank.in
Corporate Identity Number: L65191KL1920PLC000175